**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4760** **19-03-2025 - ൽ മറുപടിയ്ക്ക്**

**യുവതീയുവാക്കളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിന് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യകൃഷിയിലൂടെ പ്രധാനമായും ഏതെല്ലാം മത്സ്യ ഇനങ്ങളെയാണ് വളർത്തുന്നത്; | (എ) | നൈൽ തിലാപ്പിയ, ആസ്സാംവാള, വരാൽ, കറൂപ്പ്, കാരി, മുഷി, മഞ്ഞളുരി, കരിമീൻ, കല്ലുമ്മേക്കായ, കാരചെമ്മീൻ, നാരൻ ചെമ്മീൻ, വനാമി ചെമ്മീൻ, ആറ്റുകൊഞ്ച്, കട്ല , രോഹു, മൃഗാൽ, സൈപ്രിനസ്, ഗ്രാസ് കാർപ്പ്, കാളാഞ്ചി എന്നീ ഇനങ്ങളാണ് കൂടുതലായി മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്നത് . |
| (ബി) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയിലൂടെ ഒരു വർഷം ശരാശരി എത്ര ടൺ മത്സ്യമാണ് ഉല്പാദിപ്പിക്കുന്നത്; ഇത് ആഭ്യന്തര ആവശ്യത്തിന്റെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷിയിലൂടെ 2023-24 വർഷം 40852 മെട്രിക് ടൺ മത്സ്യം ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇത് ആഭ്യന്തര ആവശ്യത്തിന്റെ ഏകദേശം 5 ശതമാനം വരും. |
| (സി) | യുവതീയുവാക്കളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ അവർക്ക് മികച്ച വരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം സാങ്കേതിക സാമ്പത്തിക സഹായങ്ങളാണ് വകുപ്പ് നൽകി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | യുവതീ യുവാക്കളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനും അതിലൂടെ അവർക്ക് മികച്ച വരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുന്നതിനും സംസ്ഥാനത്ത് സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതി, പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉല്പാദന യൂണിറ്റ് തുടങ്ങിയ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികൾ നിലവിലുണ്ട്. കൂടാതെ നൂതന മത്സ്യകൃഷി രീതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനവും ധനസഹായവും നൽകുന്നു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി അലങ്കാര മത്സ്യ യൂണിറ്റ്, ബയോഫ്ലോക്ക് തുടങ്ങി വിവിധങ്ങളായ മത്സ്യകൃഷി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യകൃഷി മേഖലയിൽ പ്രവർത്തിച്ചു വരുന്ന നൂതന മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്ന യുവകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി ഫിഷറീസ് വകുപ്പ് അക്വാകൾച്ചർ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ